പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2004 — 15.07.2016-ൽ മറുപടിക്ക്.

## ഇതരസംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുള്ള | ശ്രീ. റ്റി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) മുപ്പതുലക്ഷത്തോളം മറുനാടൻ തൊഴിലാളികൾ സംസ്ഥാനത്തുണ്ടെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) കൃത്യമായ കണക്കെടുപ്പ് തൊഴിൽ വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്ഥാപനമായ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ 2013-ൽ സമർപ്പിച്ച പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 25 ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്തു വരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) ഇവരുടെ കൃത്യമായ വിവരശേഖരണത്തിന് സർക്കാരിന്റെ മുന്നിലുള്ള കടമ്പകൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ? | (ബി) ഇതര സംസ്ഥാന തൊഴിലാളികൾ ഭൂരിഭാഗവും അസംഘടിത മേഖലകളിൽ സ്ഥിരമായ ഒരു തൊഴിലുടമയില്ലാതെ ജോലി ചെയ്യുന്നു എന്നതാണ് വിവര ശേഖരണത്തിന് മുന്നിലെ പ്രധാന കടമ്പ. എന്നാൽ ഇവരുടെ ആരോഗ്യ പരിരക്ഷകൂടി ലക്ഷ്യമിട്ട് സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ മാതൃകയിൽ ഒരു ഇൻഷുറൻസ് പദ്ധതി തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ ഇവരുടെ കണക്കെടുപ്പും വിവരശേഖരണവും തിരിച്ചറിയൽ/ ഹെൽത്ത് കാർഡ് നൽകുന്ന കാര്യവും സാധ്യമാവുന്നതാണ്. |

സെക്ഷൻ ഓഫീസർ